കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വാണിയംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ എസ് എ -പി കെ ഡി16/1763/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി- 11.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വാണിയംകുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :വാണിയംകുളം ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം. കെ എസ് എ -പി കെ ഡി16/1763/2017 തിയതി – 11.10.2017

പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.09.2016 മുതൽ 20.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രതീഷ് കുമാർ പി എം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.08.2017 മുതൽ 11.09.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | അരവിന്ദാക്ഷൻ.കെ.വി. | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | രാമകൃഷ്ണൻ.കെ.പി. | അസി.ഓഡിറ്റ് ഓഫീസർ |
| | നസീറാബാനു. എ. | സീനി.ഗ്രേഡ് ഓഡിറ്റർ |
| | അനില.സി.എസ്. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കുമാരി പ്രിയ.എം. | 01.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ. സി.ജി. ജയകൃഷ്ണൻ | 01.04.16 മുതൽ 05.08.16 വരെ |
| | ശ്രീമതി.മാറ്റ്ലി.എം.സി. | 06.08.16 മുതൽ 30.09.16 വരെ |
| | ശ്രീ.അശോക് കുമാർ.ജി | 05.01.17 മുതൽ 09.02.17 വരെ |
| | ശ്രീ. വിനോദ്.എ.കെ. | 01.10.16 മുതൽ 04.01.16 വരെ<br>10.02.17 മുതൽ 31.03.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. അനുഷ.ആർ. | 01.04.16 മുതൽ 08.07.16 വരെ |
| | ശ്രീമതി.ആയിഷാബി.കെ | 09.07.16മുതൽ 15.12.16വരെ |
| | ശ്രീ.അശോക് കുമാർ.കെ.എ. | 16.12.16 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ<br>പി എച്ച് സി | ഡോ. ശ്രീജ. എം. കെ. | 01.04.16 മുതൽ 06.04.16 വരെ |
| | ഡോ. ധന്യ. എസ്. | 07.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. അനുരൂപ്.കെ.എസ്. | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. തങ്കച്ചൻ. പി. കെ. | 01.04.16 മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ഡോ. നിർമ്മൽ സതീഷ് | 01.04.16 മുതൽ 16.12.16 വരെ |
| | ഡോ. ലേഖ ഗ്രിഗറി | 17.12.16 മുതൽ 31.03.17 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ഗോപകുമാർ. പി. എം. | 01.04.16 മുതൽ 31.03.17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ബിന്ദു. ടി. | 01.04.16 മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | ശ്രീ.ശരത് മോഹൻ.പി.പി. | 01.04.16 മുതൽ 31.03.17 വരെ |

| | | |
|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. രശ്മി. കെ. ജി. | 01.04.16 മുതൽ 31.03.17 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.ശാന്തകുമാരി.കെ.പി | 01.04.16 മുതൽ 11.08.16 വരെ |
| | ശ്രീമതി. യമുന. സി. | 12.08.16 മുതൽ 31.03.17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. മാറ്റ്ലി.എം.സി. | 01.04.16 മുതൽ 30.09.16 വരെ |
| | ശ്രീ. വിനോദ്. എ. കെ. | 01.10.16 മുതൽ 31.03.17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 1/3.3.2016 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 17.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 29158467.78 |
| വരവ് | 59729215 |
| ആകെ | 88887682.78 |
| ചെലവ് | 53809129 |
| നീക്കിബാക്കി | 35078553.78 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | വിനിയോഗിക്കാൻ കഴിയാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12716105 | 12716105 | 10254996 | 2461109 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 14259933 | 14259933 | 6992016 | 7267917 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9730089 | 9730089 | 2935617 | 6794472 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3403770 | 3403770 | 1438383 | 1965387 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7130700 | 7130700 | 2290929 | 4839771 |
| ലോക ബാങ്ക് സഹായം | 0 | 5007395 | 5007395 | 2022690 | 2984705 |
| എം.എൻ.ആർ.ഇ.ജി.എസ് | 0 | 24220173 | 24220173 | 24193227 | 26946 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 221 | 91760801 | 96 | 33892491 | 20 | 105 | 36.9 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 27 | 19 | 13272228 | 3324661 | 25.05 |
| അസി.സെക്രട്ടറി | 4 | 3 | 1410000 | 1090000 | 77.30 |
| അസി.എഞ്ചിനീയർ | 153 | 64 | 54648439 | 12463536 | 22.80 |
| കൃഷി ഓഫീസർ | 7 | 6 | 3598800 | 3132770 | 87.05 |
| വെറ്ററിനറി സർജൻ | 2 | 2 | 2618000 | 782000 | 29.87 |

| | | | | | |
|---|---|---|---|---|---|
| പി.എച്ച്.സി അലോപ്പതി | 3 | 2 | 1100000 | 412689 | 37.52 |
| ആയുർവ്വേദം | 2 | 2 | 500000 | 500000 | 100 |
| ഹോമിയോ | 1 | 1 | 250000 | 250000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 7081334 | 5504936 | 77.73 |
| വി.ഇ.ഒ | 8 | 7 | 5512000 | 4922000 | 89.30 |
| ഹെഡ് മാസ്റ്റർ | 4 | 1 | 1070000 | 818408 | 76.48 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 700000 | 691491 | 98.78 |
| ആകെ | 221 | 116 | 91760801 | 33892491 | 36.9 |

പഞ്ചായത്തിന്റെ വിവിധ മേഖലയിലെ വികസനം ലക്ഷ്യം വെച്ച് അതാത് മേഖലകളിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ അവ നടപ്പിലാക്കേണ്ട ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്കുണ്ട്. 221 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 105 പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിഞ്ഞില്ല. നടപ്പിലാക്കിയ 116 പ്രവൃത്തികൾക്കായി 36.9 % തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

മെഡിക്കൽ ഓഫീസർ ആയുർവ്വേദം, മെഡിക്കൽ ഓഫീസർ ഹോമിയോ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, കൃഷി ഓഫീസർ എന്നിവർ 80% ൽ കൂടുതൽ തുക ചെലവഴിച്ചപ്പോൾ വെറ്ററിനറി സർജൻ, അസിസ്റ്റന്റ് എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ അലോപ്പതി, സെക്രട്ടറി എന്നിവർ 50% ൽ താഴെ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇപ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കാത്തതിനാൽ മറ്റു തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനങ്ങൾക്ക് ലഭിച്ച ആനുകൂല്യം ഇവിടെയുള്ളവർക്ക് ലഭിക്കാതെ പോകുന്നത് നിർവ്വഹണത്തിലെ വീഴ്ചയായി വിലയിരുത്തുന്നു. ലഭിക്കുന്ന ഫണ്ടിനനുസരിച്ച് പരമാവധി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വർദ്ധനവ് | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5930968 | 7951351 | 2020383 | 34(+) |
| നികുതിയേതര വരവുകൾ | 5033358 | 4724999 | 308359 | 6.13(-) |
| ആകെ | 10964326 | 12676350 | 1712024 | 15.61(+) |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

സാമൂഹ്യക്ഷേമ പെൻഷനുകൾ സമയബന്ധിതമായി നടപ്പിലാക്കേണ്ട ക്ഷേമ പദ്ധതികൾ ആയായതിനാൽ ഇവയ്ക്കുവേണ്ടി അപേക്ഷകൾ ലഭിക്കുന്ന തീയ്യതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സമയബന്ധിതമായി ഇവ അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് കൈമാറേണ്ടതുമാണ്. കാലതാമസമില്ലാതെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കി അതിന്റെ അടിസ്ഥാനത്തിൽ അർഹതയുള്ളപക്ഷം പെൻഷനുകൾ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും രജിസ്റ്ററുകളിൽ രേഖപ്പെടുത്തി നിരീക്ഷണ വിധേയമാക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് വർഷം ലഭിച്ച വിവിധ അപേക്ഷകൾ അന്വേഷണത്തിനു നൽകുന്ന തീയ്യതിയും റിപ്പോർട്ട് ലഭിച്ച തീയ്യതിയും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. അതുകൊണ്ടുതന്നെ സമയബന്ധിതമായി തീരുമാനമെടുക്കുന്നുണ്ടെന്ന് നീരീക്ഷിക്കാൻ കഴിഞ്ഞില്ല.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനം എടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 25 | ലഭ്യമല്ല | 0 | രേഖകൾ കൃത്യമാക്കാത്തതിനാൽ വിലയിരുത്താൻ കഴിഞ്ഞില്ല |
| 2 | തൊഴിൽ രഹിത വേതനം | 11 | 0 | 11 | |
| 3 | വിധവാ പെൻഷൻ | 102 | ലഭ്യമല്ല | 5 | രേഖകൾ കൃത്യമാക്കാത്തതിനാൽ വിലയിരുത്താൻ കഴിഞ്ഞില്ല |
| 4 | വികലാംഗ പെൻഷൻ | 50 | ലഭ്യമല്ല | 17 | രേഖകൾ കൃത്യമാക്കാത്തതിനാൽ വിലയിരുത്താൻ കഴിഞ്ഞില്ല |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 25 | ലഭ്യമല്ല | 0 | രേഖകൾ കൃത്യമാക്കാത്തതിനാൽ വിലയിരുത്താൻ കഴിഞ്ഞില്ല |
| 6 | വാർദ്ധക്യകാല പെൻഷൻ | 897 | ലഭ്യമല്ല | 30 | രേഖകൾ കൃത്യമാക്കാത്തതിനാൽ വിലയിരുത്താൻ കഴിഞ്ഞില്ല |

രജിസ്റ്ററുകളും മറ്റു രേഖകളും കൃത്യമാക്കി സൂക്ഷിക്കേണ്ടതും ക്ഷേമ പെൻഷനുകൾ സമയബന്ധിതമായി അനുവദിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.8.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 29151 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

തനതുഫണ്ട് വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ടോഫീസ് സംവിധാനം ഫലപ്രദമാണ്. രജിസ്റ്ററുകളും രേഖകളും കൃത്യമാക്കിവെക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ടെങ്കിലും ക്ഷേമ പെൻഷനുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകളിൽ അപേക്ഷ ലഭിക്കുന്ന തീയതി, അന്വേഷണത്തിനു നൽകുന്ന തീയതി, അന്വേഷണ റിപ്പോർട്ട് ലഭിച്ച തീയതി എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല. പഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി ഉപയോഗക്രമത്തിന്റെയും തറവിസ്തീർണ്ണത്തിന്റെയും അടിസ്ഥാനത്തിൽ ഈടാക്കുവാനുള്ള നടപടി കാര്യക്ഷമമായി ചെയ്തിട്ടില്ല. ആഭ്യന്തരനിയന്ത്രണം തൃപ്തികരമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമനം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 15.5.2017 &16.5.2017 | 1.3.2017മുതൽ 30.4.2017 വരെ | 18.7.2017 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.9.2006 മുതൽ 6.10.2006 വരെ | 1997-98 മുതൽ 2005-06 വരെ | 15.11.2006 | ഇല്ല |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 204(1), 204 ii (a)(1) എന്നിവ പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ അറുപത് ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. 204 ii (b) പ്രകാരം

പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസനസ്സ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുയും ചെയ്യുന്ന ഏതൊരാളും തൊഴിൽനികുതി നൽകുവാൻ ബാധ്യസ്ഥനാണ്. എന്നാൽ,

1. ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന പഞ്ചായത്തിന്റെ ഡ്രൈവറിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ഒന്നാം അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | രണ്ടാം അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽനികുതി |
|---|---|---|---|
| 104550 | 1000 | 102650 | 1000 |

ജീവനക്കാരനിൽ നിന്നും തൊഴിൽനികുതിയിനത്തിൽ ഈടാക്കേണ്ട 2000രൂ അടയ്ക്കാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യത ആയിരിക്കുന്നതാണ്.

2. പഞ്ചായത്തിന്റെ വിവിധ കരാർ പ്രവൃത്തികൾ ചെയ്തുവരുന്ന അംഗീകൃതകരാറുകാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

3. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ബി എസ് എൻ എൽ, വാണിയംകുളം |
| 2 | പവർഷോപ്പി, ഗൃഹോപകരണങ്ങളുടെ വിൽപ്പന |
| 3 | ക്വാറി, വി പി രാമൻകുട്ടി, വിലങ്ങേരിപറമ്പിൽ, കുനത്തറ പി ഒ |
| 4 | കരിങ്കൽ ക്വാറി, ഒറ്റപ്പാലം താലൂക്ക് കരിങ്കൽ ക്വാറി ഓപ്പറേറ്റേഴ്സ്, വ്യവസായ സഹകരണ സംഘം |
| 5 | മാളൂട്ടി കല്യാണ മണ്ഡപം |
| 6 | സൗഹൃദ ഓഡിറ്റോറിയം |
| 7 | പിഷാരടീസ് ഓഡിറ്റോറിയം |

ജീവനക്കാരിൽ നിന്നും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും വരുമാന പത്രിക ലഭ്യമാക്കി ആയതിന് അനുസൃതമായി തൊഴിൽനികുതി ഈടാക്കി രേഖകൾ

ലഭ്യമാക്കേണ്ടതാണ്.

## 2-2 ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി - പുനർനിർണ്ണയം നടത്തേണ്ടതാണ്

08.09.2017-ാം തീയതി പഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീ. അഷ്റഫിന്റെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം പഞ്ചായത്തിലെ 5 ഓഡിറ്റോറിയങ്ങൾ നേരിൽ പരിശോധിക്കുകയുണ്ടായി. കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

| കെട്ടിട നം., ഓഡിറ്റോറിയം | സഞ്ചയയിലെ ഫോം 6 പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | നിരീക്ഷണം |
|---|---|---|
| 4/300, മാളൂട്ടി ഓഡിറ്റോറിയം | താഴത്തെനില- 174 ച.മീ | താഴത്തെ അത്രയും തന്നെ വിസ്തീർണ്ണമുള്ള ഒന്നാം നിലയും അതിനുമുകളിലുള്ള ഡ്രസ്സിംഗ് റൂമും അടങ്ങുന്ന മൂന്നു നിലകളിലായി പ്രവർത്തിക്കുന്നു |
| 3/406, സ്വാമി ലോകദാസ് ഓഡിറ്റോറിയം | താഴത്തെനില –100 ച.മീ | ഏകദേശം 150ച.മീ വീതം വിസ്തീർണ്ണമുള്ള രണ്ടു നിലകളിലായി പ്രവർത്തിക്കുന്നു. |
| 7/322, പിഷാരടീസ് ഓഡിറ്റോറിയം | താഴത്തെനില – 464.84 ച.മീ | താഴത്തെ നിലയോട് അനുബന്ധമായി തുല്യ വിസ്തീർണ്ണത്തിലുള്ള ഡൈനിംഗ് ഹാളും ഒന്നാം നിലയിലായി മൂന്നു റൂമുകളും സ്ഥിതിചെയ്യുന്നു. |
| 16/203-206- സൗഹൃദ ഓഡിറ്റോറിയം | 16/203-99ച.മീ<br>16/204-241ച.മീ<br>16/205-14ച.മീ<br>16/206-136ച.മീ (എല്ലാം താഴത്തെ നില എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്) | താഴത്തെനിലയിൽ 250ച.മീ വിസ്തീർണ്ണമുള്ള ഡൈനിംഗ് ഹാൾ, ഒന്നാം നിലയിൽ അത്രയും തന്നെ വലുപ്പമുള്ള ഹാളും 14ച.മീ വിസ്തീർണ്ണമുള്ള ഓഫീസ് മുറിയും രണ്ടാം നിലയിൽ ഏകദേശം 50ച.മീ വിസ്തീർണ്ണമുള്ള മൂന്നു മുറികൾ എന്നിവയിലായി ഓഡിറ്റോറിയം പ്രവർത്തിക്കുന്നു. |

| | | |
|---|---|---|
| 8/572-574, 8/651-കെ എം ഓഡിറ്റോറിയം | 8/572-25ച.മീ<br>8/573-120ച.മീ<br>8/574-150ച.മീ<br>8/651-81.5ച.മീ | ഏകദേശം 400ച.മീ വിസ്തീർണ്ണത്തിൽ താഴത്തെനില, അത്രയും തന്നെ വിസ്തീർണ്ണമുള്ള ഡൈനിംഗ് ഹാൾ, ഓഡിറ്റോറിയത്തിന്റെ മുന്നിൽ ഇടതു വശത്തായി ഏകദേശം 35ച.മീറ്ററിൽ പ്രത്യേകം കെട്ടിടം, ഓഡിറ്റോറിയത്തിന്റെ കോമ്പൗണ്ടിൽ തന്നെയുള്ള ഓപ്പൺ എയർ തിയേറ്ററും 100ച.മീറ്ററിലുള്ള അനുബന്ധ കെട്ടിടവും, ഓപ്പൺ എയർ തിയേറ്ററിന്റെ വലതുവശത്തായി ഏകദേശം 85ച.മീറ്ററിലുള്ളതും ലോഡ്ജിനു വേണ്ടിയുള്ളതുമായ കെട്ടിടം എന്നിവയെല്ലാം നിലവിൽ പ്രവർത്തിച്ചുവരുന്നു. |

സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ ഫോം 6 പരിശോധിച്ചതിൽ ക്രമ നമ്പർ 1.2.3-ലെ മൂന്ന് ഓഡിറ്റോറിയങ്ങളുടെയും താഴത്തെ നിലകൾ മാത്രമാണ് നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സൗഹൃദ ഓഡിറ്റോറിയത്തിന്റെ നാലുകെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും കെട്ടിടങ്ങളുടെ യഥാർത്ഥ വിസ്തീർണ്ണം സഞ്ചയ പ്രകാരമുള്ള നികുതി നിർണ്ണയത്തിൽ ഉൾപ്പെട്ടിട്ടില്ല. കെ എം ഓഡിറ്റോറിയത്തിന്റെ കോമ്പൗണ്ടിലുള്ള മുഴുവൻ കെട്ടിടങ്ങളും നികുതി നിർണ്ണയത്തിൽ ഉൾപ്പെട്ടിട്ടില്ല. മാത്രമല്ല, കെട്ടിടങ്ങളുടെ യഥാർത്ഥ വിസ്തീർണ്ണത്തിൽ നിന്നും വളരെക്കുറവു മാത്രമാണ് സഞ്ചയ പ്രകാരമുള്ള നികുതി നിർണ്ണയത്തിൽ ഉൾപ്പെട്ടിട്ടുള്ളത്.

മാളൂട്ടി ഓഡിറ്റോറിയം





ഒന്നാം നില




ഡൈനിംഗ് ഹാൾ

സ്വാമി ലോകദാസ് ഓഡിറ്റോറിയം






താഴത്തെ നില



ഒന്നാം നില


പിഷാരടീസ് ഓഡിറ്റോറിയം





കല്ല്യാണം നടക്കുന്ന ഹാൾ





ഡൈനിംഗ് ഹാൾ

ഒന്നാം നിലയിലെ മുറികൾ

സൗഹൃദ ഓഡിറ്റോറിയം




കെ.എം. ഓഡിറ്റോറിയം






ഡൈനിംഗ് ഹാൾ





താമസത്തിനുള്ള മുറികൾ ഓപ്പൺ എയർ തിയേറ്ററും അനുബന്ധ കെട്ടിടവും

മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകാത്തതിനാൽ സ്ഥാപനങ്ങൾ നേരിൽ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞ മുഴുവൻ കെട്ടിടങ്ങളും കെട്ടിട നിർമ്മാണ അനുമതിയിലും വസ്തുനികുതി നിർണ്ണയത്തിലും ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ മുഴുവൻ കെട്ടിടങ്ങളും നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (23/08.09.17) നൽകിയതിന് കെട്ടിടങ്ങൾ പുനപരിശോധിച്ച് അപാകതകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അധികമായുള്ള ഏരിയ അളന്ന് തിട്ടപ്പെടുത്തി റഗുലറൈസ് ചെയ്ത് കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് പിഴപലിശയോട് ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി രജിസ്റ്ററിൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണം രേഖപ്പെടുത്താത്തതിനാലും കെട്ടിടനമ്പർ അനുവദിച്ച ഫയലുകൾ ലഭ്യമല്ലാത്തതിനാലും ഓഡിറ്റോറിയങ്ങൾ നേരിൽ പരിശോധിച്ച് നികുതി പുനർനിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ മാറ്റം രേഖപ്പെടുത്തി നികുതി ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുഴുവൻ കെട്ടിടങ്ങളുടെയും വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി, നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തേണ്ടതും വസ്തുനികുതിയിനത്തിൽ ലഭ്യമാകുവാനുള്ള തുക കുടിശ്ശിക സഹിതം ഉടമസ്ഥരിൽ നിന്നും ഈടാക്കുവാനുള്ള നടപടികൾ അടിയന്തിരമായി

കൈക്കോള്ളേണ്ടതുമാണ്.

## 2-3 സഞ്ചയ സോഫ്റ്റ് വെയർ - ഡാറ്റാ എൻട്രിയിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഫോം 6 പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കെട്ടിടത്തിന്റെ തരം തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | കെട്ടിട നം | ലൈസൻസിയുടെ പേര്, മേൽവിലാസം, ഉപയോഗം | ഡി & ഒ രജിസ്റ്റർ ക്രമനം (2016-17) | നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തരം |
|---|---|---|---|---|
| 1 | 3/446 | അബൂബക്കർ പി പി എച്ച് സൺസ്, ബിൽഡിംഗ്, ഹാർഡ് വെയേഴ്സ് & പെയിന്റ്സ് വിൽപ്പന | 12 | പാർപ്പിടം |
| 1 | 11/59 | ടോണി നിർമ്മൽ, മലബാർ ഗ്രാനൈറ്റ്സ്, മെറ്റൽ ക്രഷർ യൂണിറ്റ് നടത്തുന്നതിന് | 131 | പാർപ്പിടം |
| 2 | 5/512 | ഇ കെ രാമദാസ്, ഇടപ്പള്ളികുന്നത്ത്, പുലാച്ചിത്തറ, വാണിയംകുളം,<br><br>റൈസ് & ഫ്ലോർ മിൽ | 45 | പാർപ്പിടം |
| 3 | 16/600 | ടി പി സത്യൻ, തൊഴുത്തുപറമ്പിൽ, ക്കുനത്തറ, ഹരിത മെറ്റൽസ്, പാത്രുക്കച്ചവടം | 142 | പാർപ്പിടം |
| 4 | 4/238 | പാർവതി,ബാലകൃഷ്ണൻ ഐശ്വര്യ കോതയൂർ, വാണിയംകുളം, മലബാർ കൺസ്ട്രക്ഷൻ പ്രൊഡക്ട്സ്, ഹോളോബ്രിക്സ് നിർമ്മിക്കുന്നതിനും വിൽക്കുന്നതിനും | 270 | പാർപ്പിടം |

സഞ്ചയ പ്രകാരം നികുതി നിർണ്ണയത്തിൽ ‘പാർപ്പിട ആവശ്യത്തിന് ‘ എന്ന

രേഖപ്പെടുത്തിയ മേൽപ്പറഞ്ഞ കെട്ടിടങ്ങൾ വാണിജ്യ ആവശ്യത്തിനാണ് ഉപയോഗിച്ചു വരുന്നത്. വസ്തുനികുതി നിർണ്ണയരേഖകൾ പരിശോധനയ്ക്ക് ലഭ്യമാകാത്തതിനാൽ നികുതി നിർണ്ണയത്തിൽ അപാകതയുണ്ടോ എന്ന് വ്യക്തമല്ല. ആയത് പരിശോധിച്ച് കെട്ടിടങ്ങളുടെ തരത്തിൽ ആവശ്യമായ മാറ്റം വരുത്തി നികുതി നിർണ്ണയിക്കേണ്ടതും ഈയിനത്തിൽ പഞ്ചായത്തിന്റെ നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ഈടാക്കേണ്ടതുമാണ്. മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/24.07.17-ന്) ക്രമ നം 2,3 എന്നിവയിൽ ഡാറ്റാ എൻട്രിയിൽ വന്ന തെറ്റാണെന്നും ഇത് പരിഹരിക്കുന്നതും ബാക്കിയുള്ളവ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ വിവരമറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് രേഖാമൂലം സമർപ്പിച്ച കണക്കനുസരിച്ച് 9 മൊബൈൽ ടവറുകളാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളത്. ഇതിൽ 3 മൊബൈൽ ടവറുകളുടെ വസ്തുനികുതി 2013-14 മുതൽ കുടിശ്ശികയാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ടവർ നടത്തുന്ന ഏജൻസി | ഈടാക്കേണ്ട വാർഷിക കെട്ടിടനികുതി |
|---|---|---|---|
| 1 | 9/370 | ബി എസ് എൻ എൽ | 10000 |
| 2 | 10/354 | ബി എസ് എൻ എൽ | 4000 |
| 3 | 18/73 | ടാറ്റാ വയർലെസ്- ടി ടി ഇൻഫ്രാ സർവീസ് ലിമിറ്റഡ് | 6000 |

മേൽ ടവറുകളിൽ ഉൾപ്പെട്ട ഇൻഡസ് ടവറിന്റെ ഉടമസ്ഥതയിലുള്ള രണ്ട് ടവറുകൾക്ക് 04.11.13, 29.04.15 തിയതികളിൽ പെർമിറ്റ് നൽകിയിട്ടുണ്ടെങ്കിലും കംപ്ലീഷൻ രേഖകൾ ഹാജരാക്കുകയോ വസ്തുനികുതി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. ടവറുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് പ്രാദേശിക പരിശോധന നടത്തേണ്ടതും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിൽ അന്നു മുതലുള്ള വസ്തുനികുതി ഈടാക്കേണ്ടതാണ്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/31.08.17) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സ്രോതസ്സായ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനും വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസില്ലാതെ പഞ്ചായത്തിന്റെ കടമുറികൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1), 233 എ പ്രകാരം സെക്രട്ടറി നല്കുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. എന്നാൽ ഡി ആന്റ് ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ 2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 29 കടമുറികൾ വാണിജ്യാവശ്യത്തിന് ഉപയോഗിച്ച വരുന്നവരിൽ 8 കച്ചവടക്കാർക്ക് മാത്രമാണ് ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ആയത് പരിശോധിച്ച പ്രസ്തുത കടകളിൽ നിന്നുമുള്ള വിറ്റുവരവിന് അനുസൃതമായി ലൈസൻസ് ഫീസും സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും തൊഴിൽനികുതിയും ഈടാക്കേണ്ടതാണ്.

## 2-6 ഡി & ഒ ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ഗോഡൗണുകൾ /ഷോപ്പുകൾ | 1323 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200;ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൌണുകൾ/ഷോപ്പുകൾ | 111 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ വരെ തറ വിസ്തീർണമുള്ള സൂപ്പർമാർക്കറ്റ്/ഷോപ്പിംഗ് മാളുകൾ | 2 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണമുള്ള സൂപ്പർമാർക്കറ്റ്/ഷോപ്പിംഗ് മാളുകൾ | 1 |
| വാണിജ്യ ആവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 4 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/കയർ/ പിരിഷെഡ് | 293 |
| ഇതര വ്യവസായ ആവശ്യത്തിനുള്ള | 62 |
| ആകെ | 1796 |

എന്നാൽ ഡി & ഒ രജിസ്റ്റർ പ്രകാരം 2016-17 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിനായി ലൈസൻസെടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 571 മാത്രമാണ്. ഇത് സഞ്ചയ പ്രകാരം ലഭ്യമായ വ്യവസായ, വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ (1796) 32% മാത്രമാണ്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിച്ച വരുന്നുണ്ടെന്ന് വ്യക്തമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ

ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 21/08.09.2017 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ വാണിജ്യ ആവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള പലകെട്ടിടങ്ങളും ഒഴിഞ്ഞുകി ടക്കുകയാണെന്നും ലൈസൻസുള്ള പല സ്ഥാപനങ്ങളും ഒന്നിലേറെ കെട്ടിടമുറികൾ ഉപയോഗിക്കുന്നവയാണെന്നും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവര ശേഖരണം നടത്തിവരുന്നതായും അറിയിച്ചിട്ടുണ്ട്. 10% സ്ഥാപനങ്ങൾ 16-17-ൽ നിലവിലില്ലാത്തവയായും 10% ഒരേ സ്ഥാപനത്തിന്റെ വ്യത്യസ്ത കെട്ടിടനമ്പറോട്ടു കൂടിയ കെട്ടിടങ്ങളായും പരിഗണിച്ചാൽ പോലും 48% കെട്ടിടങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നു എന്നത് വ്യക്തമാണ്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും ലൈസൻസ് ഫീസ്, സ്ഥാപനത്തിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി എന്നിവ ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുഴൽകിണർ കുഴിക്കുന്നതിന് അധിക നിരക്ക് അനുവദിച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നടപ്പിലാക്കിയ വിവിധ കുടിവെള്ളപദ്ധതികളിൽ 150mm വ്യാസമുള്ള കുഴൽകിണർ കുഴിക്കുന്നതിന് അനുവദനീയമായതിനേക്കാൾ കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

1. പ്രവൃത്തിയുടെ പേര് :കപ്പൂരപ്പടി കോളനി കുടിവെള്ള പദ്ധതി

   പ്രൊജക്റ്റ് നം : 23/16, 21/17

   അടങ്കൽ : 300000

   പി.എ.സി :233400

   ചെലവ് : 157047

   ബിൽ നം : 79/15-16 തീ.18.3.2016 - 77048 രൂപ

   3/16-17 തീ. 8.11.2016 – 79999 രൂപ

   കരാറുകാരൻ : ഗോപാലകൃഷ്ണൻ.വി.പി

   എഗ്രിമെന്റ് നം : 22/15-16/AE/15.9.2015

എം.ബുക്ക് നം : 74/15-16

മേൽ എം.ബുക്ക് ഇനം 2 പ്രകാരം രണ്ടു സ്ഥാനങ്ങളിൽ 130 മീറ്റർ വീതം ആകെ 260 മീറ്റർ ആഴത്തിൽ 150 mm വ്യാസമുള്ള കുഴൽകിണർ കുഴിച്ചിട്ടുണ്ട്. ആയതിന് അനുവദനീയമായ നിരക്ക് 600 രൂപ/മീറ്റർപ്രകാരം 156000രൂപ ആണെന്നിരിക്കെ 690 രൂപ/ മീറ്റർ നിരക്കിൽ 260 മീറ്ററിന് 179400 രൂപ അനുവദിച്ചതുവഴി 23400 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.10/2.8.2017) അധികം നൽകിയ തുക ഒടുക്കുന്നതാണ് എന്ന മറുപടി നൽകിയിട്ടുണ്ട്. തെറ്റായ ഡാറ്റ ഉൾപ്പെടുത്തിയതുമൂലം അധികം തുക 23400 രൂപ കരാറുകാരന് നൽകിയതിനാൽ ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പദ്ധതിഫണ്ടിൽ ഒടുക്കേണ്ടതാണ്.

2. സെക്രട്ടറി തൻവർഷം നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളിൽ 150mm വ്യാസമുള്ള കുഴൽകിണർ കുഴിക്കുന്നതിന് അനുവദനീയമായതിനേക്കാൾ കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രവൃത്തിയുടെ പേര് :കുനത്തറ പടിഞ്ഞാട്ടുമുറി കുടിവെള്ളപദ്ധതി

ഫണ്ട് : വരൾച്ചാ ദുരിതാശ്വാസ നിധി 2014

അടങ്കൽ : 180000/-

ഭരണാനുമതി : ജെ 6-2014/17539/9 തീ 31.05.2014

പി.എ.സി :161640

ചെലവ് : 161640

ബിൽ നം : 39/16-17 തീ.31.3.2017

കരാറുകാരൻ : ടി എ.വീരാൻ

എഗ്രിമെന്റ് നം : 86/AE/LSGD/VNKM/14-15dt02.02.2015

എം.ബുക്ക് നം : 225/14-15

വൗച്ചർ നം : 21601158/31.03.2017

മേൽ എം.ബുക്ക് ഇനം 2 പ്രകാരം 125 മീറ്റർ ആഴത്തിൽ 150mm വ്യാസമുള്ള കുഴൽകിണർ കുഴിച്ചിട്ടുണ്ട്. ആയതിന് അനുവദനീയമായ നിരക്ക് 600 രൂപ/മീറ്റർ പ്രകാരം 75000രൂപ ആണെന്നിരിക്കെ 690 രൂപ/മീറ്റർ നിരക്കിൽ 125 മീറ്ററിന് 86250 രൂപ അനുവദിച്ചതുവഴി 11250രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/11.09.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കരാറുകാരന് അധികം നൽകിയ 11250/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 സ്ഥലം സർവ്വേ നടത്തുന്നതിന് ഭൂജലവകുപ്പിന് തനതുഫണ്ടിൽ നിന്നും തുക നൽകിയെങ്കിലും ഇവ കുറവുചെയ്യാതെ മുഴുവൻ തുകയും കരാറുകാരന് അനുവദിച്ചു

2016-17 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ കുടിവെള്ള പദ്ധതികളിൽ 10 എണ്ണത്തിന്റെ സ്ഥലം സർവ്വേ നടത്തിതിന് ഭൂജല വകുപ്പിന് 1750രൂപ നിരക്കിൽ 17500 രൂപ വൗച്ചർ നമ്പർ 21600892/16.2.2017 പ്രകാരം തനതുഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന 4 പ്രവൃത്തികളിൽ കരാറുകാരൻ/കൺവീനർക്ക് തുക അനുവദിക്കുമ്പോൾ ഈ തുക കുറവു ചെയ്യാതെ ഇവ ഉൾപ്പെടെയുള്ള മുഴുവൻ തുകയും നൽകിയിട്ടുണ്ട്. ആയതിനാൽ 7000 രൂപ പഞ്ചായത്തുഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

1. പ്രവൃത്തിയുടെ പേര് :ചീനിക്കുണ്ട് കോളനി കുടിവെള്ള പദ്ധതി

   പ്രൊജക്റ്റ് നം : 71/16, 25/17

   അടങ്കൽ : 200000

   ചെലവ് : 189740

   ബിൽ നം : 6/16-17തീ.8.11.2016

   കരാറുകാരൻ : സുബ്രഹ്മണ്യൻ.എൻ.റ്റി

   എം.ബുക്ക് നമ്പർ : 133/15-16

2. പ്രവൃത്തിയുടെ പേര് :പടിക്കപ്പറമ്പ് കുടിവെള്ളപദ്ധതി

   പ്രൊജക്റ്റ് നം : 74/16, 26/17

   അടങ്കൽ : 200000

   ചെലവ് : 96460

   ബിൽ നം : 55/16-17തീ.31.3.2017

   കരാറുകാരൻ : മണികണ്ഠൻ

   എം.ബുക്ക് നമ്പർ : 155/16-17

3. പ്രവൃത്തിയുടെ പേര് :ഉണ്ടിയിൽപ്പടി കോളനി കുടിവെള്ളപദ്ധതി

   പ്രൊജക്റ്റ് നം : 228/17

   അടങ്കൽ : 200000

   ചെലവ് : 199557

   ബിൽ നം : 52/16-17തീ.31.3.2017

   കരാറുകാരൻ : രാജേഷ്.വി

   എം.ബുക്ക് നമ്പർ : 152/16-17

4. പ്രവൃത്തിയുടെ പേര് : മയിലാടിക്കുന്ന് കോളനി കുഴൽകിണർ കുഴിക്കൽ, പൈപ്പ്ലൈൻ

സ്ഥാപിക്കൽ

പ്രൊജക്റ്റ് നം : 117/17

അടങ്കൽ : 165000

ചെലവ് : 163791

ബിൽ നം : 51/16-17തീ.31.3.2017

കരാറുകാരൻ :രാജേഷ്.വി

എം.ബുക്ക് നമ്പർ : 151/16-17

ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഇത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/2.8.2017) തുക ഒടുക്കുന്നതാണ് എന്ന മറുപടി നൽകിയിട്ടുണ്ട്. തനതുഫണ്ടിൽ നിന്നും നൽകിയ തുക കുറവു ചെയ്യാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയതിനാൽ 7000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തനതുഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-3 എഗ്രിമെന്റ് ചമക്കാൻ കാലതാമസം വന്നതിന് പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്തു വകുപ്പ് മാന്വൽ ജി.ഒ (പി)13/2012/PWD/1.2.2012 സെക്ഷൻ 2009.6. അനുസരിച്ച് ടെന്റർ സ്വീകരിച്ചതിനു ശേഷം 7 ദിവസത്തിനകം ടെന്റർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. ഈ തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുകയും അന്നുമുതൽ 14 ദിവസത്തിനകം അതായത് ഭരണസമിതി ടെന്റർ അംഗീകരിച്ചതിനുശേഷം 21 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PAC യുടെ 1% തുക (മിനിമം 1000 രൂപ) പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തിക്കുവേണ്ടി കരാറുടമ്പടി വെക്കാൻ കാലതാമസം വന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

പ്രവൃത്തിയുടെ പേര് :കപ്പൂരപ്പടി കോളനി കുടിവെള്ള പദ്ധതി

പ്രൊജക്റ്റ് നം : 23/16, 21/17

അടങ്കൽ : 300000

പി.എ.സി :233400

ചെലവ് : 157047

ബിൽ നം : 79/15-16 തീ.18.3.2016 - 77048 രൂപ

3/16-17 തീ. 8.11.2016 – 79999 രൂപ

കരാറുകാരൻ : ഗോപാലകൃഷ്ണൻ.വി.പി

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി :16.7.2015,തീരുമാനം നം. 20

എഗ്രിമെന്റ് വെക്കേണ്ട തീയതി : 6.8.2015

എഗ്രിമെന്റ് വെച്ച തീയതി : 15.9.2015(22/AE/15-16)

ഈടാക്കേണ്ട പിഴ : 2334

ഈടാക്കിയ പിഴ : ഇല്ല

ബാക്കി : 2334

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/2.8.2017) തുക ഒടുക്കുന്നതാണ് എന്ന മറുപടി നൽകിയിട്ടുണ്ട്. പിഴ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയതിനാൽ 2334 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-4 പൂർത്തീകരണ കാലാവധി ദീർഘിച്ചതിന് പിഴ ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്നപ്രവൃത്തി എഗ്രിമെൻറിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ സമയം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുന്ന പക്ഷം നിയമാനുസൃതമായ പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ സമയം ദീർഘിപ്പിച്ച നൽകാവുന്നതാണ്. എന്നാൽ മരാമത്തു പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി അനുവദിക്കപ്പെട്ട കാലാവധിയിൽ അധികരിച്ചിട്ടുണ്ടെങ്കിലും നിയമാനുസൃതമായ പിഴ ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിനാൽ പ്രസ്തുത കരാറുകാരിൽ നിന്നും ആദ്യത്തെ മൂന്ന മാസത്തിന് 1%, അടുത്ത ഓരോ മൂന്ന മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രവൃത്തി : പഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം

പ്രൊജക്റ്റ് നം : 06/16-17

അടങ്കൽ : 487697 (തനതുഫണ്ട്)

എസ്റ്റിമേറ്റ് : 375000 (No EDT.A3-4654/15 dt 03.02.2016 PWD EL Division Thrissur)

പി.എ.സി. : 375000

വൗച്ചർ നം : 21601138/31.03.2017

ബിൽ തുക : 370985

കരാറുകാരൻ :സ്മിതേഷ്.ഒ.ജെ

എം. ബുക്ക് നം. :381/16-17

എഗ്രിമെന്റ് തീയതി : 01.04.2016(A3/01A/16-17dt 01.04.2016)

ഓഫീസ് ഫർണ്ണീച്ചർ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ആയതിനാൽ 31.03.2017 വരെ പിഴ കൂടാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്നും കരാറുകാരൻ തിയ്യതി രേഖപ്പെടുത്താത്ത കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഓഫീസ് ഫർണ്ണീച്ചർ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ (പ്രൊജക്റ്റ് നം 13/16-17) കരാർ ഏറ്റെടുത്ത സ്ഥാപനം 20.08.16 ന് പ്രവൃത്തി പൂർത്തീകരിച്ചതായി പഞ്ചായത്തിനെ അറിയിക്കുകയും 21600657/24.11.16 പ്രകാരം പഞ്ചായത്ത് ടി സ്ഥാപനത്തിന് തുക നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ 20.08.2016 മുതൽ ഇലക്ട്രിഫിക്കേഷൻ പ്രവർത്തി ആരംഭിക്കുകയും അനുവദിക്കപ്പെട്ട ഒരു മാസ കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്യാമെന്നിരിക്കെ ആയതു നിർവ്വഹിക്കാതെ 4.1.2017 തീയ്യതിയിൽ പ്രവൃത്തി ആരംഭിക്കുകയും പൂർത്തീകരണ സമയം ദീർഘിപ്പിക്കുന്നതിന് ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് അനുവദിക്കുകയും ചെയ്തു നടപടി ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/7.9.2017) ഫർണ്ണീച്ചർ സ്ഥാപിക്കൽ പ്രവൃത്തി വൈകിയതിനാലാണ് പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം ഉണ്ടായതെന്ന മറുപടി മേൽ പറഞ്ഞ കാരണങ്ങളാൽ അംഗീകരിക്കുന്നില്ല. ആയതിനാൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. പിഴയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രവൃത്തി ആരംഭിക്കേണ്ട തീയ്യതി : 21.8.2016

പൂർത്തീകരിക്കേണ്ട തീയതി : 20.09.2016

20% ഗ്രേസ് പിരിയഡ് : 26.9.2016

പൂർത്തീകരിച്ച തീയതി : 28.02.2017

ഈടാക്കേണ്ട പിഴ

27.09.16 മുതൽ 26.12.2016 വരെ : 375000x1% =3750

27.12.201 6 മുതൽ 28.02.2017 വരെ : 375000 x2/100x64/90=5333

ആകെ : 9083 രൂപ

ഈടാക്കിയ പിഴ : ഇല്ല

ഈടാക്കാൻ ബാക്കി പിഴ : 9083

പിഴയിനത്തിൽ ലഭിക്കേണ്ട 9083 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

## നൽകിയത് - അർഹമായ മുഴുവൻ തുകയും വകയിരുത്തിയിട്ടില്ല

പ്രോജക്ട് നം s0098/16 - ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ - 500000വികസന ഫണ്ട് ജനറൽ

ബിൽ നം - 9/16-17തിയതി 28/02/2017

പിൻവലിച്ച തുക - 499400രൂപ

ഭിന്നശേഷിയുള്ള 56 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുവാൻ പഞ്ചായത്ത് വിഹിതമായി 499400 രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തി മേൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 12ാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം. 4/2016 /ത.സ്വ.ഭ.വ തിയതി 11/11/2016 ഖണ്ഡിക5.8 അനുസരിച്ച് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിന് ആവശ്യമായ തുക ഗ്രാമപഞ്ചായത്തുകൾ വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതുപ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന ഒരു വിദ്യാർത്ഥിക്കുവേണ്ടി ഗ്രാമപഞ്ചായത്ത് വകയിരുത്താവുന്ന വാർഷിക ആനുകൂല്യം 19000 രൂപയാണ്. എന്നാൽ വകയിരുത്തിയതും അനുവദിച്ചതും 10000രൂപ മുതൽ 12000 രൂപ വരെയുള്ള നിരക്കിലാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

മാനസിക വെല്ലുവിളികൾ നേരിടുന്ന ഒരു വിദ്യാർത്ഥിക്കുവേണ്ടി ഗ്രാമപഞ്ചായത്ത് വകയിരുത്തേണ്ട വാർഷിക ആനുകൂല്യം

സ്കോളർഷിപ്പ് - 12000

വസ്ത്രങ്ങൾക്കുള്ള ബത്ത - 800

പഠന സഹായി - 1400

യാത്രാബത്ത - 4800

ആകെ - 19000രൂപ

ശാരീരിക വൈകല്യമുള്ള വിദ്യാർത്ഥികളിൽ

| | അർഹതപ്പെട്ട തുക | വകയിരുത്തി അനുവദിച്ച തുക |
|---|---|---|
| 1 മുതൽ 4 വരെയുള്ള വിദ്യാർത്ഥികൾക്ക് | 5300 | 4500 |
| 5 മുതൽ 8 വരെയുള്ള വിദ്യാർത്ഥികൾക്ക് | 6600 | 5600 മുതൽ 6600 വരെ |

| | | |
|---|---|---|
| 9 മുതൽ +2 വരെയുള്ള വിദ്യാർത്ഥികൾക്ക് | 8000 | 6800 |
| ബിരുദം | 10600 | 9000 |

അർഹതപ്പെട്ട തുകകൾ ഉൾപ്പെടുത്തി പ്രോജക്ട് ആവിഷ്കരിക്കുന്നതിനു പകരം കുറഞ്ഞ നിരക്ക് ഉൾപ്പെടുത്തിയതിനാൽ ഭിന്ന ശേഷിക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കാതെ പോയതായി ഓഡിറ്റ് വിലയിരുത്തുന്നു.

5/ 31-8-2017 ലെ ഓഡിറ്റ് അന്വേഷണത്തിന് ഫണ്ട് കുറവായി വകയിരുത്തിയതിനാൽ അർഹതപ്പെട്ട മുഴുവൻ തുകയും വിദ്യാർത്ഥികൾക്ക് നൽകാൻ സാധിച്ചില്ലെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ മുഴുവൻ സ്കോളർഷിപ്പ് തുകയും വകയിരുത്തി പദ്ധതി ആവിഷ്കരിക്കുവാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 കൺവീനർ പ്രവൃത്തികൾക്ക് ചെലവിന്റെയും നടപടിക്രമങ്ങളുടെയും രേഖകൾ ഹാജരാക്കിയില്ല

കൺവീനർ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സിമന്റ്, കമ്പി, ബിറ്റുമിൻ എന്നിവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ, ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങുന്ന പാടുള്ളൂ എന്നും ഇവയുടെ TIN നമ്പറോടു കൂടിയ ഒറിജിനൽ ബിൽ ഹാജരാക്കണമെന്നും സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ കൺവീനർ പ്രവൃത്തികൾക്ക് തുക അനുവദിക്കുമ്പോൾ സിമന്റ് കമ്പി എന്നിവ വാങ്ങിയതിന്റെ TIN നമ്പർ രേഖപ്പെടുത്തിയ ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടില്ല. കൂടാതെ കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്ത അക്കൌണ്ട് തുടങ്ങിയെങ്കിലും ചെലവുകൾ അക്കൗണ്ടിലൂടെ നിർവ്വഹിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കൺവീനർ പ്രവൃത്തിക്ക് അവശ്യം വേണ്ട നടപടിക്രമങ്ങൾ പാലിക്കാതെയാണ് പദ്ധതി നിർവ്വഹിച്ചിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു.

1. പ്രവൃത്തിയുടെ പേര് :പനയൂർ വായനശാല അങ്കണവാടി കെട്ടിടം പൂർത്തീകരണം

   പ്രൊജക്റ്റ് നം : 127/16, 31/17

   അടങ്കൽ : 400000

   ചെലവ് : 380833

   ബിൽ നം : 24/16-17 തീ.30.3.2017

   കൺവീനർ : അജിത് കുമാർ.വി

എഗ്രിമെന്റ് നം : 54/14-15/AE/9.11.2015

എം.ബുക്ക് നം : 99/15-16

| ഇനം | പ്രവൃത്തി | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| ഇനം 5 | 6mm സിമന്റ് പ്ലാസ്റ്ററിങ് 1:3 | 110.67$m^2$ | 151.71/$m^2$ | 16790 |
| ഇനം 6 | 12mm സിമന്റ് പ്ലാസ്റ്ററിങ് 1:4 | 218.92$m^2$ | 194.05/$m^2$ | 42481 |
| ഇനം 7 | സിറാമിക് ടൈൽ | 46.79$m^2$ | 884.57/$m^2$ | 41389 |
| ആകെ | | | | 100660 |

2. പ്രവൃത്തിയുടെ പേര് :വടക്കും പുറം തോടിന് നടപ്പാലം നിർമ്മാണം

പ്രൊജക്റ്റ് നം : 83/16, 28/17

അടങ്കൽ : 100000

ചെലവ് : 95031

ബിൽ നം : 25/16-17 തീ.30.3.2017

കൺവീനർ : കെ.കെ.രാജു

എഗ്രിമെന്റ് നം : 86/15-16/AE/8.2.2016

എം.ബുക്ക് നം : 132/15-16

| ഇനം | പ്രവൃത്തി | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| ഇനം 2 | സിമന്റ് കോൺക്രീറ്റിങ്1:4: 8 | 1.06$m^3$ | 4844.22/$m^3$ | 5135 |
| ഇനം 3 | സിമന്റ് കോൺക്രീറ്റിങ്1:3: 6 | 8.80$m^3$ | 5262.45/$m^3$ | 46310 |
| ഇനം 7 | സിമന്റ് കോൺക്രീറ്റിങ്1:1.5: 3 | 2.20m3 | 6724.45/$m^3$ | 14794 |
| ഇനം 5 | റീഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിങ് | 186.256 കി.ഗ്രാം സ്റ്റീൽ | 86.55/kg | 16120 |
| ആകെ | | | | 82359 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/2.8.2017) പദ്ധതി നിർവ്വഹണത്തിന്റെ തിരക്കു മൂലം TIN നമ്പറോട്ടുകൂടിയ ഒറിജിനൽ ബിൽ ആണോ ഹാജരാക്കിയത് എന്ന് ശ്രദ്ധിക്കാൻ കഴിഞ്ഞില്ലെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. സിമന്റ് കമ്പി എന്നിവ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കാത്തതിനാൽ ഈ ഇനത്തിലെ ചെലവു തുക 183019 (100660+82359) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഷീ പാഡ് പദ്ധതി- സംബന്ധിച്ച്

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയിട്ടുള്ള 'ഷീ പാഡ് 'എന്ന പദ്ധതിക്കായി 8-3--2017 ൽ ബിൽ നമ്പർ നമ്പർ 10/16-17 പ്രകാരം 165000 രൂപ പിൻവലിക്കുകയും, ആയത് കേരള വനിത വികസന കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് (A/c No. 35810483408) അഡ്വാൻസായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതുമാണ്. പദ്ധതി നടപ്പിലാക്കിയിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. 4/31-8-2017 ലെ നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്ന് അറിയിച്ചു. പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തികരിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-8 സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി

സർക്കാർ ഉത്തരവ് (ആർ.ടി) നം. 1288/2015/LSGD dt.30.04.15,GO(p) 524/2015/fin dt.17.11.15 എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷവും അതിന് മുകളിലുള്ള എല്ലാ പ്രവൃത്തികളും ഇ-ടെണ്ടർ മുഖാന്തിരം മാത്രമേ നിർവ്വഹിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് വിരുദ്ധമായി താഴെ പറയുന്ന പ്രോജക്ട് നടപ്പിലാക്കിയത്.

| പ്രോജക്ട് നം 13/16-17 | |
|---|---|
| പ്രവൃത്തി | പുതിയ പഞ്ചായത്ത് ഓഫീസ് സജ്ജീകരണം |
| അടങ്കൽ | 1053316 ലോക ബാങ്ക് ധനസഹായം |
| നിർവ്വഹണം | സെക്രട്ടറി |
| കരാറുകാരൻ | കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ |
| കരാർ നം | 2/16-17തീ 28.06.16 |
| ബിൽ നം | 10/16-17 തീ19.11.16 |
| വൗച്ചർ നം | 21600657/26.11.16 |
| ചെലവ് | 829222 |

മേൽ പ്രവൃത്തി 28.02.2016ന് പത്രത്തിൽ ടെണ്ടർ പരസ്യം ചെയ്തതൽ (നം. എ 3-275/2015 തീ 18.02.16) 4 ടെണ്ടർ ലഭിക്കുകയും ചെയ്തതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷന്റെ ടെണ്ടർ ഉറപ്പിക്കുകയും (ഭരണസമിതി തീരുമാനം നം. 1(5) തീ.04.03.16)ചെയ്തു. ഇ-ടെണ്ടർ അവലംബിക്കാത്തതു മൂലം കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കാനുള്ള സാധ്യത ഇല്ലാതാവുകയും ചെയ്തു. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/02.09.2017) നിർവ്വഹണ ഉദ്യോഗസ്ഥന് ഇ-ടെണ്ടർ ലോഗിൻ ഐ ഡി

ലഭിക്കുന്നതിന് കാലതാമസമുണ്ടാവുകയും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യേണ്ടതിനാലുമാണ് ഇ-ടെണ്ടർ ഒഴിവാക്കിയതെന്നും ഭാവിയിൽ 500000/-രൂപയ്ക്ക് മുകളിൽ അടങ്കലുള്ള എല്ലാ പ്രവൃത്തികളും ഇ-ടെണ്ടർ മുഖാന്തിരം നടപ്പിലാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-9 ഗവ. ഹോമിയോ ഡിസ്പ്പെൻസറിക്ക് മരുന്ന് വാങ്ങൽ -സംബന്ധിച്ച്

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പ്പെൻസറിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ - 123/17

അടങ്കൽ - 250000

ചെലവ് - 250000

ബിൽ നമ്പർ - 1/16-17 തിയതി 31-1-2017

ഹോമിയോ ഡിസ്പ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച ബിൽ നമ്പർ പ്രകാരം 250000 രൂപ കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റിവ് ഫാർമസി, ആലപ്പുഴ എന്ന സ്ഥാപനത്തിന് ഡി.ഡി.നമ്പർ 017297/4-2-2017 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമല്ല.

3/31-8-2016 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ലെന്നും, ആയത് ലഭ്യമാക്കുന്നതിനു സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. മരുന്ന് ലഭ്യമാകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-10 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

താഴെ പറയുന്ന പ്രവൃത്തികൾക്കായി KSEB ഇലക്ട്രിക്കൽ സെക്ഷൻ വാണിയംകുളം അസി,എഞ്ചിനീയർ, PWD ഇലക്ട്രിക്കൽ ഡിവിഷൻ തൃശ്ശൂർ എക്സി.എഞ്ചിനീയർ എന്നീ കാര്യാലയങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം, പേര് | ഡിഡി നം/ തിയ്യതി. | തുക | വൗച്ചർ നം/ തിയ്യതി. |
|---|---|---|---|---|
| 1 | 247/16-17 സമ്പൂർണ്ണ വൈദ്യുതീകരണം | ട്രാൻസ്ഫർ ക്രെഡിറ്റ്<br>a/c no 67057563368 | 375000 | 21601071 /29.03.17 |

| | | | | |
|---|---|---|---|---|
| 2 | 07/16-17വിവിധ അങ്കണവാടി വൈദ്യുതീകരണം (PWD ഇലക്ട്രിക്കൽ ഡിവിഷൻ തൃശ്ശൂർ എക്സി.എഞ്ചിനീയർ) | ചലാൻ നം 2339/31.03.17 | 300000 | 21601065 /29.03.17 |
| 3 | | ആകെ | 675000 | |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/2.09.17) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് PWD ഇലക്ട്രിക്കൽ ഡിവിഷൻ തൃശ്ശൂർ എക്സി.എഞ്ചിനീയർ, KSEB ഇലക്ട്രിക്കൽ സെക്ഷൻ വാണിയംകുളം അസി,എഞ്ചിനീയർ എന്നീ കാര്യാലയങ്ങളിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-11 തെരുവു വിളക്കുകൾക്ക് മുഴുവനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും 2016-17സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2248784/-രൂപ കെ.എസ്.ഇ.ബി വാണിയംകുളം ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുണ്ട് തെരുവുവിളക്കുകളുടെഎണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം മീറ്ററിംഗ് ആക്കിയിട്ടില്ലാത്ത (കൺസ്യൂമർ നം 1167335008911) തെരുവുവിളക്കുകളുടെഎണ്ണം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇനം | വാട്ട് | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | ഓർഡിനറി ബൾബ് | 40 | 332 | 61 | 20252 |
| 2 | ഓർഡിനറി ബൾബ് | 60 | 221 | 94 | 20774 |
| 3 | സിംഗിൾ ട്യൂബ് | 40 | 44 | 61 | 2684 |
| 4 | ഡബിൾ ട്യൂബ്2*40 | 80 | 682 | 124 | 84568 |
| 5 | എസ് വി എൽ | 250 | 48 | 414 | 19872 |
| 6 | സി എഫ് എൽ | 11 | 31 | 7 | 217 |
| 7 | സി എഫ് എൽ | 22 | 577 | 14 | 8078 |
| 8 | ആകെ | | 1935 | | 156445 |

മീറ്ററിംഗ് ഏർപ്പെടുത്തിയ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 1877340/-രൂപ (156445*12=1877340) തൻവർഷം അടച്ചിട്ടുണ്ട്. മീറ്ററിംഗ് ഏർപ്പെടുത്തിയ തെരുവു വിളക്കുകളുടെ ശരാശരി പ്രതിമാസ വൈദ്യുതി ചാർജ്ജ് 30000/രൂപ മാത്രമാണ്. (കൺസ്യൂമർ നം. 11517 മുതൽ 11546 വരെ, 11292, 12249, 12250, 12110, 12111, 12498) ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത

ഉറപ്പുവരുത്തുനതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ.ബി. യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തിയിട്ടുള്ളതിന്റെ വിവരം മീറ്ററിംഗ് ആക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/02.09.17 യ്ക്ക് സംയുക്ത പരിശോധന നടത്തുന്നതിനും മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുന്നതിനും കെ.എസ്.ഇ.ബി വാണിയംകുളം ഇലക്ട്രിക്കൽ സെക്ഷന് കത്ത് നൽകിയിട്ടുണ്ടെന്നും 12 വാർഡുകളിൽ പരിശോധന പൂർത്തിയായിട്ടുണ്ടെന്നും മീറ്ററിംഗ് ആക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും, തെരുവു വിളക്കുകളുടെ പരിപാലനത്തിന് സമഗ്ര എ എം സി യിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. സാധരണ ബൾബ് 40w, സാധരണ ബൾബ് 60w, സോഡിയം വേപ്പർ ലാമ്പ് 250w, ഡബിൾ ട്യൂബ് ലൈറ്റ് തുടങ്ങിയ ഉപയോഗക്ഷമത കുറവും ഊർജ്ജ ഉപഭോഗം കൂടുതലുള്ളതുമായ ബൾബുകൾക്ക് പകരം ഊർജ്ജ ഉപഭോഗം കുറവും വെള്ളിച്ചം കൂടുതലുമുള്ള സി.എഫ്. എൽ, എൽ. ഇ.ഡി. ലാമ്പുകൾ എന്നിവ സ്ഥാപിച്ച് ഊർജ്ജ സംരക്ഷണം ഉറപ്പുപരുത്താൻ ശ്രദ്ധിക്കേണ്ടതാണ് . നിലവിലുള്ള തെരുവു വിളക്കുകളുടെ ഇനം , എണ്ണം എന്നിവ പഞ്ചായത്തുതല ജനകീയ സമതി യോഗം ചേർന്ന് പരിശോധിച്ച് പ്രകാശിക്കുന്ന ഉപകരണങ്ങൾക്കുമാത്രം വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അടിയന്തിരമായി മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറേണ്ടതുമാണ്.

## 3-12 പി.എം.എ.വൈ (എസ്.സി) ഗ്രാമ പഞ്ചായത്ത് വിഹിതം, ഐ.എ.വൈ. വിഹിതം കുടിശ്ശിക നൽകൽ എന്നീ പദ്ധതികൾക്കായി കൈമാറിയ തുകകളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പി.എം.എ.വൈ. വിഹിതം നൽകൽ (എസ്.സി), ഐ.എ.വൈ കുടിശ്ശിക തുക നൽകൽ (എസ്.സി) എന്നീ പദ്ധതികൾക്കായി താഴെ പറയും പ്രകാരം കൈമാറിയ തുകകളിൽ ക്രമ നം 3ലെ 240000 രൂപയിൽ 200000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്റ്റ് | ബിൽ നം. / തിയതി | തുക | കുറിപ്പ് |
|---|---|---|---|---|
| 1 | 149/17 പി.എം.എ.വൈ | 3/16-17 | 100000 | ഒറ്റപ്പാലം ബി.ഡി.ഒ യുടെ |

| | | | | |
|---|---|---|---|---|
| | ഗ്രാമ പഞ്ചായത്ത് വിഹിതം (എസ്.സി) | /15-3-17 | രൂപ | അക്കൗണ്ടിലേക്ക് (a/c no.580002010006267) തുക മാറ്റിയിട്ടുണ്ട്. |
| 2 | 230/17-ഐ. എ.വൈ. 2015-16 ലേക്കുള്ള വിഹിതം നൽകൽ (എസ്.സി) | 2/16-17 / 15-3-17 | 750000 രൂപ | ഒറ്റപ്പാലം ബി.ഡി.ഒ യുടെ അക്കൗണ്ടിലേക്ക് (a/c no.4026810010 1649) തുക മാറ്റിയിട്ടുണ്ട്. |
| 3 | 133/17-ഐ. എ.വൈ. 2014-15, 2015-16 വർഷത്തെ ഗുണഭോക്താക്കൾക്കുള്ള കുടിശ്ശിക നൽകൽ (എസ്.സി) | 1/16-17/ 27-12-16 | 240000 രൂപ | ഒറ്റപ്പാലം ബി.ഡി.ഒ യുടെ അക്കൗണ്ടിലേക്ക് (a/c no.580002010006267) തുക മാറ്റിയിട്ടുണ്ട്. |

8-9-17 ലെ ഓഡിറ്റ് അന്വേഷണം നമ്പർ 22 ന് ലഭ്യമാക്കിയ മറുപടിയിൽ ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാനായി ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നല്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 പാലിയേറ്റീവ് കെയർ വാഹനം വാടകയ്ക്കെടുക്കൽ- ക്വട്ടേഷൻ നടപടി രേഖകൾ, ട്രിപ്പ് ഷീറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

പാലിയേറ്റീവ് കെയർ പരിചരണ പ്രവർത്തനങ്ങൾ - പരിഷ്കരിച്ച മാർഗ്ഗ രേഖ (സ.ഉ (സാധാ) നം. 3217/2015/ തസ്വഭവ തിയതി-29-10-2015) പ്രകാരം പാലിയേറ്റീവ് കെയർ പരിചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വാഹനം വാടകയ്ക്ക് തിരഞ്ഞെടുക്കുമ്പോൾ നിർവ്വഹണോദ്യോഗസ്ഥൻ ക്വട്ടേഷൻ ക്ഷണിക്കേണ്ടതും, ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വാഹനത്തെ വാടകയ്ക്ക് എടുക്കേണ്ടതുമാണ്. ക്വട്ടേഷൻ പി.എം.സി അംഗീകരിക്കേണ്ടതാണ്. ഒരിക്കൽ അംഗീകരിച്ച ക്വട്ടേഷന്റെ കാലാവധി 6 മാസമായിരിക്കും. കാലാവധി അവസാനിക്കുന്നതിനു മുമ്പ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പി.എം സി യുടെ അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ ക്വട്ടേഷൻ നടപടി സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പാലയേറ്റീവ് പരിചരണത്തിനു വേണ്ടി ദിവസ വാടക 950 രൂപ എന്ന നിരക്കിൽ വാഹനം ഓടിച്ചതായിട്ടുള്ള ജീപ്പ് ഡ്രൈവറുടെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ടെങ്കിലും, ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല. വാഹനം ഓടിയ ദൂരത്തിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

20/7-8-2017നമ്പർ ഓഡിറ്റ് അന്വേഷനത്തിന് ലഭ്യമാക്കിയ മറുപടിയിൽ വാഹനം വാടകയ്ക്കെടുക്കാൻ ക്വട്ടേഷൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, ആയതിന്റെ കാലാവധി ഒരു വർഷത്തേക്ക് നിശ്ചയിച്ചായിരുന്നു ക്വട്ടേഷൻ നൽകിയതെന്നും, ട്രിപ്പ്ഷീറ്റിന്റെ കോപ്പി ഫയൽ ചെയ്യാൻ വിട്ടുപോയതാണെന്നും അറിയിച്ചു.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി പദ്ധതി നടപ്പിലാക്കാനും, വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-14 ആയുർവേദ ഡിസ്പ്പൻസറിക്ക് മരുന്ന് വാങ്ങൽ - 218543 രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല

ആയുർവേദ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൾ എന്ന പദ്ധതിക്കായി ഔഷധി തൃശ്ശൂരിന്റെ അക്കൗണ്ടിലേക്ക് (a/c no. 5913005900000015) NEFT മുഖേന 300000 രൂപയും, വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി ഔഷധിക്ക് ഡി.ഡി. നമ്പർ 051576/ 29-12-16 പ്രകാരം 200000 രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ടി തുകകൾക്കുള്ള മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | ചെലവ് | ഇൻവോയ്സ് നമ്പർ/തിയതി | മരുന്ന് ലഭ്യമാക്കിയ തുക | മരുന്ന് ലഭ്യമാക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| ആയുർവേദ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൾ 113/17 | 300000 തനത് ഫണ്ട് | a) 4393/28-2-2017<br>b) 5039/31-3-2017 | 64932 രൂപ<br>75469 രൂപ | 159599 ളപ |
| | | ആകെ | 140401 | |
| 114/17 വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ | 200000 വികസന ഫണ്ട് ജനറൽ | a)90028751/7-8-17<br>b) 4382/28-2-17 | 46088 രൂപ<br>94968 രൂപ | 58944 രൂപ |
| | | ആകെ | 141056 | |

ലഭ്യമാക്കിയ മരുന്നുകൾ കൃത്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും, രണ്ട് പദ്ധതികളിലായി 218543 (159599+58944) രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

2/30-8-2016 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ മരുന്ന് ലഭ്യമാക്കുവാനായി ഔഷധിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-15 കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കുന്നതിന് അനുവദിക്കുന്ന നിരക്ക് - ഡാറ്റ ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ പൂതുരിത്തൊടി കോളനി കുടിവെള്ളപദ്ധതി, (പ്രൊ.നം. 38/17) ക്ലനത്തറ കിഴക്കുമുറി-മംഗലത്തുപറമ്പ് കോളനി കുടിവെള്ള പദ്ധതി (പ്രൊജക്റ്റ് നം : 36/17) കുന്നത്തുപടി കുടിവെള്ള പദ്ധതി (പ്രൊജക്റ്റ് നം : 232/17) കറുത്തേടത്തുപടി കുടിവെള്ള പദ്ധതി (പ്രൊജക്റ്റ് നം : 56/17) ഉണ്ടിയിൽപടി കുടിവെള്ള പദ്ധതി (പ്രൊജക്റ്റ് നം : 228/17) എന്നീ പദ്ധതികൾക്കായി യഥാക്രമം 5HP, 3HP,5HP,2HP,5HP മോട്ടോറുകൾ സ്ഥാപിക്കുന്നതിന് 18135 രൂപ/HP നിരക്ക് അനുവദിച്ചിട്ടുണ്ട്. ഇവ തയ്യാറാക്കുന്നതിന് വാട്ടർ അതോറിറ്റി മാനേജിങ് ഡയരക്ടറുടെ 20.12.2011 ലെ KWA/HO/SP/333/2011/Pumps ഉത്തരവു പ്രകാരമുള്ള നിരക്കാണ് സ്വീകരിച്ചിട്ടുള്ളത്. മേൽ ഉത്തരവ് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പ്രവൃത്തിക്കു വേണ്ടി മാത്രം പുറപ്പെടുവിച്ച ഉത്തരവാണ്. ഇത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾക്ക് ബാധകമല്ല.

കുഴൽകിണറിലെ ജലലഭ്യതാ ടെസ്റ്റ് (യീൽഡ് ടെസ്റ്റ്) നടത്തി മോട്ടോർ സ്ഥാപിക്കേണ്ട ആഴം കണക്കിലെടുത്ത് അതിനനുസൃതമായ സ്റ്റേജുള്ള മോട്ടോറാണ് സ്ഥാപിക്കേണ്ടത്. സ്റ്റേജിനനുസരിച്ച് മോട്ടോറിന്റെ വിലയിൽ വ്യക്തമായ വ്യത്യാസം ഉള്ളതിനാൽ ആവശ്യമായ മോട്ടോറിന്റെയും അനുബന്ധ സാമഗ്രികളുടെയും വില പരിഗണിച്ചുകൊണ്ടു മാത്രമേ കരാറുകാർക്ക് തുക അനുവദിക്കാൻ പാടുള്ളൂ എന്നിരിക്കെ എല്ലാ കുടിവെള്ള പദ്ധതികളിലും സബ്മേഴ്സിബിൾ മോട്ടോറും അനുബന്ധ സാമഗ്രികളും സ്ഥാപിക്കാൻ 18135/HP നിരക്ക് അനുവദിക്കുന്നത് അംഗീകരിക്കാവുന്നതല്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/2.8.2017) കേരളാ വാട്ടർ അതോറിറ്റിയുടെ നിരക്ക് സ്വീകരിക്കാമെന്ന എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അറിയിപ്പിനെ തുടർന്നാണ് ഈ നിരക്ക് അനുവദിച്ചിട്ടുള്ളത് എന്നും മേലിൽ ഭൂജലവകുപ്പിൽ നിന്നുള്ള നിരക്കിനെ അടിസ്ഥാനമാക്കി മാത്രമേ തുക ഉൾപ്പെടുത്തുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-16 പഞ്ചായത്തിന് അർഹതപ്പെട്ട ടെന്റർ ഫോറം വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിച്ചില്ല

5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള മരാമത്തു പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവു പ്രകാരം ഇ-ടെന്റർ നടപടിയാണ് സ്വീകരിക്കുന്നത്. എന്നാൽ പ്രവൃത്തിക്കുവേണ്ടിയുള്ള ടെന്റർ ഫോറത്തിന്റെ വില, വാറ്റ്, ഇ.എം.ഡി എന്നിവ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ

അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. തൻവർഷം ഇ-ടെന്റർ നടത്തിയ പദ്ധതികളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതി | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെന്റർ ഫോറം വില | ഇ.എം.ഡി |
|---|---|---|---|---|
| 1 | കരിങ്കുഴിക്കുണ്ട് റോഡ് മെറ്റലിങ് &ടാറിങ്<br>പ്രൊ. 64/16<br>അടങ്കൽ- 700000 | 4 | 1470x4=5880 | 17500x4=70000 |
| 2 | എടക്കോട് റോഡ്<br>റീ ടാറിങ്<br>പ്രൊ. 99/16<br>അടങ്കൽ- 634398 | 6 | 1365x6=8190 | 17225x6=103350 |
| 3 | വായനശാല അങ്കണവാടി റോഡ് മെറ്റലിങ് &ടാറിങ്<br>പ്രൊ. 167/17<br>അടങ്കൽ- 500000 | 2 | 1050x2=2100 | 12500x2=25000 |
| 4 | കെ.കെ. നഗർ റോഡ് മെറ്റലിങ് &ടാറിങ്<br>പ്രൊ. 160/17<br>അടങ്കൽ- 750000 | 2 | 1575x2=3150 | 18750x2=37500 |
| | ആകെ | | 19320 | 235850 |

ഓരോ സാമ്പത്തിക വർഷവും നിരവധി പ്രവൃത്തികൾ ഇപ്രകാരം ഇ-ടെന്റർ ചെയ്യപ്പെടുമ്പോൾ പഞ്ചായത്തിന് ലഭിക്കേണ്ട ടെന്റർ ഫോറം വില ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്നത് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. തുക ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/2.8.2017) തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന് അർഹതപ്പെട്ട തുക ഈടാക്കി തനതുഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 3-17 തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ വൈവിധ്യമാർന്ന പദ്ധതികൾ ഏറ്റെടുത്തത് അഭിനന്ദനാർഹം

തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ സാധ്യമായ എല്ലാ പദ്ധതികളും ഏറ്റെടുത്ത് നിർവ്വഹണം നടത്തിയത് അഭിനന്ദനാർഹമാണ്. കുളം നിർമ്മാണം, കിണർ നിർമ്മാണം മുതലായ ജല സംരക്ഷണ പ്രവൃത്തികളും ഭവന നിർമ്മാണം, കക്കൂസ് നിർമ്മാണം മുതലായ വ്യക്തിഗത പദ്ധതികളും കൂടാതെ വിവിധ മണ്ണ് സംരക്ഷണ പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ 7 ലേബർ ഗ്രൂപ്പുകൾക്ക് കൃഷി ചെയ്യുന്നതിനാവശ്യമായി നിലവിലുള്ള തരിശുനിലം കൃഷിയോഗ്യമാക്കി നൽകിയതും 11 വാർഡുകളിലായി 1516 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചതും പഞ്ചായത്തിലേക്കാവശ്യമായ വൃക്ഷത്തൈകൾ മുളപ്പിക്കുന്നതിനുള്ള നഴ്സറി ആരംഭിച്ച് സ്വയം പര്യാപ്തമാക്കിയതും ശ്രദ്ധേയമാണ്. ഇതു കൂടാതെ 11 റോഡു നിർമ്മാണ പ്രവൃത്തികൾക്കു പുറമെ 3 റോഡുകളുടെ കോൺക്രീറ്റിങ് പ്രവൃത്തിയും മെച്ചപ്പെട്ട രീതിയിൽ ചെയ്തു തീർത്തിട്ടുണ്ട്. വൃക്ഷത്തൈകൾ വെച്ചുപിടിപ്പിച്ചിട്ടുള്ളത് സംരക്ഷിച്ചു നിർത്തുന്നതിനാവശ്യമായി വേനൽകാലത്ത് നനച്ചു കൊടുക്കുന്ന പ്രവൃത്തി കൂടി ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 298333 | ഉഴവുകൂലി 16/16 | 298333 | 0 |
| | 646590 | നൽകൃഷി വികസനം 138/17 | 646590 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | തിരുവോത്ത് പ്പാറ റോഡ് പൂർത്തീകരണം 118/16 | 300000 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവു വിളക്ക് പ്രൊ.11/17 | 051678/ 5.1.2017 | 49980 | 49980 | പൂർത്തീകരിച്ചു | 0 |
| കെ.എസ്.ഇ.ബി | തെരുവു വിളക്ക് പ്രൊ.83/17 | 051679/ 5.1.2017 | 199780 | 199780 | പൂർത്തീകരിച്ചു | 0 |
| കെ.എസ്.ഇ.ബി | തെരുവു വിളക്ക് പ്രൊ.85/17 | 051677/ 5.1.2017 | 70000 | 70000 | പൂർത്തീകരിച്ചു | 0 |
| കെ.എസ്.ഇ.ബി | തെരുവു വിളക്ക് പ്രൊ.81/17 | 051681/ 5.1.2017 051680/ 5.1.2017 | 179950 18270 | 179950 18270 | പൂർത്തീകരിച്ചു | 0 |
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ വലിക്കൽ പ്രൊ.127/17 | 803847/ 26.12.2016 | 23100 | 23100 | പൂർത്തീകരിച്ചു | 0 |
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ വലിക്കൽ പ്രൊ.125/17 | 803846/ 26.12.2016 | 24150 | 24150 | പൂർത്തീകരിച്ചു | 0 |
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ വലിക്കൽ പ്രൊ.238/17 | ട്രാൻസ്ഫർ ക്രെഡിറ്റ് 29.3.17 | 84630 | 84630 | പൂർത്തീകരിച്ചു | 0 |
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ വലിക്കൽ പ്രൊ.82/17 | 051675/ 5.1.2017 | 164350 | 164350 | പൂർത്തീകരിച്ചു | 0 |
| കെ.എസ്.ഇ.ബി | കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ പ്രൊ.237/17 | ട്രാൻസ്ഫർ ക്രെഡിറ്റ് | 64620 | 64620 | പൂർത്തീകരിച്ചു | 0 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കുടിവെള്ളപദ്ധതി<br>വൈദ്യുതി കണക്ഷൻ പ്രൊ.10/17 | 051241/<br>23.11.16<br>051240/<br>23.11.16 | 3000<br>18650 | 3000<br>18650 | പൂർത്തീ കരിച്ചു | 0 |
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം<br>പ്രൊ.247/16-17 | ട്രാൻസ്ഫർ ക്രെഡിറ്റ് | 375000 | 0 | പൂർത്തീക രിച്ചിട്ടില്ല | 375000 |
| പി.ഡബ്ള്യ.ഡി. ഇല. ഡിവിഷൻ തൃശ്ശൂർ | അങ്കണവാടി<br>വൈദ്യുതീകരണം<br>പ്രൊ.7/16-17 | ചെലാൻ നം. 2339/<br>31.3.2017 | 300000 | 0 | പൂർത്തീക രിച്ചിട്ടില്ല | 300000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഒന്നുമില്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 15314രൂപ ഈടാക്കിയിട്ടുണ്ട്.

| ക്രമ നം | ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഒടുക്കിയ തുക | രശീതി നമ്പർ | ഒടുക്കിയ ആൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 2013-14, 2014-15 | 3-3 | 7000 | 11604103685/17-10-16 | അനുഷ. ആർ അസിസ്റ്റന്റ് എഞ്ചിനിയർ |
| 2 | 2015-16 | 3-15 3-16 3-17 | 8314 | 11604106851/15-3-17 | -ടി- |
| | | ആകെ | 15314 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99, 44 | 2002-03, 1.9.1.1 | കുഴൽ കിണർ നിർമ്മാണം- അധിക തുക നൽകിയത് നിരാകരിക്കുന്നു. | അന്തിമ തീരുമാനമായിട്ടില്ല |
| 1999-00, 34 | 2002-03, 1.9.21 | ടെണ്ടർ നൽകിയ പ്രവൃത്തികൾക്ക് സി.പി.നൽകിയത് നിരാകരിക്കുന്നു | അന്തിമ തീരുമാനമായിട്ടില്ല |
| 1999-00, 16 | 2002-03, 1.9.3.1 | ഡി&ഒ ലൈസൻസ് ഫീസ് പിരിച്ചതിൽ വന്ന കുറവ് | അന്തിമ തീരുമാനമായിട്ടില്ല |
| 1999-00, 5 | 2004-05, 3.9.1.5.1 | 6.36 ലക്ഷത്തിന്റെ ചെലവിന് രേഖകൾ ഹാജരാക്കിയില്ല. | അന്തിമ തീരുമാനമായിട്ടില്ല |
| 2003-04, 3-16 | 2007-08, 3.5.4.1 | സമ്പൂർണ്ണ ശുചിത്വ പരിപാടി- കക്കൂസ് നിർമ്മാണം-കൂടിയ ടെണ്ടർ സ്വീകരിച്ചതു മൂലം നഷ്ടമുണ്ടായി | അന്തിമ തീരുമാനമായിട്ടില്ല |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 59729215 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53809129 |
| വരവിനങ്ങളിലുള്ള നഷ്ടം | 2000 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 53067 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 183019 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 2-1 | 2000 | | 1000-ശ്രീമതി മാറ്റ് ലി എം സി,<br>സെക്രട്ടറി (ഇൻ ചാർജ്ജ്)<br>1000- ശ്രീ വിനോദ് എ കെ,<br>സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 3-1 | | 34650 | 23400-ആയിഷാബി കെ,<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>11250-ശ്രീ അശോക് കുമാർ.കെ.എ.<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 7000 | 1750-ആയിഷാബി കെ,<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>5250- ശ്രീ അശോക് കുമാർ കെ എ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 2334 | ആയിഷാബി കെ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 9083 | ശ്രീ അശോക് കുമാർ കെ എ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | | ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 183019 | ശ്രീ അശോക് കുമാർ കെ എ,<br><br>അസിസ്റ്റന്റ് എഞ്ചിനീയർ |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മാറ്റ് ലി എം സി,<br>സെക്രട്ടറി (ഇൻ ചാർജ്ജ്) | അസിസ്റ്റന്റ് സെക്രട്ടറി<br><br>അടാട്ട് ഗ്രാമപഞ്ചായത്ത്,<br>തൃശ്ശൂർ | ചെറുവട്ടൂർ വീട്,<br>നോബിൾ സ്ട്രീറ്റ്,<br>പൂങ്കോൺ, പറവട്ടാണി,<br>തൃശ്ശൂർ |
| ശ്രീ വിനോദ് എ കെ,<br><br>സെക്രട്ടറി (ഇൻ ചാർജ്ജ്) | അസിസ്റ്റന്റ് സെക്രട്ടറി,<br>വാണിയംകുളം<br>ഗ്രാമപഞ്ചായത്ത് | ഇന്ദീവരം, ഭാരതപ്പുഴ<br>റോഡ്, കണ്ണിയംപുറം,<br>ഒറ്റപ്പാലം |
| ശ്രീമതി.ആയിഷാബി. കെ<br><br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br><br>അമ്പലപ്പാറ<br>ഗ്രാമപഞ്ചായത്ത് | നൗഷി ഐലാന്റ്,<br>31/302,<br>പുതുപ്പള്ളി സ്ട്രീറ്റ്,<br>നൂറണി പി ഒ,<br>പാലക്കാട് |
| ശ്രീ.അശോക് കുമാർ.കെ.എ.<br><br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br><br>ചാവക്കാട് മുനിസിപ്പാലിറ്റി | കാവിൽ,<br>കൊടകര പി ഒ<br><br>തൃശ്ശൂർ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | LFP8/57/2000/ 12-10-2000 | ഫർദർ റിമാർക്സ് |
| 1998-99 | LFP11/753/2002/ 9-10-2002 | -do- |
| 1999-00 | LFP12/815/2004/ 10-09-2004 | -do- |
| 2000-01 | LFP12/816/04/30-09-05 | -do- |
| 2001-02 | LFP14/483/04/16-07-04 | -do- |
| 2002-03 | LFP14/380(1)/07/ 25-1-08 | -do- |
| 2003-04 | LFP16/794/12/12.9.12 | -do- |
| 2004-05 | LFP16/1812/11/ 15.12.11 | -do- |
| 2005-06 | LFP16/1813/11/3.12.11 | -do- |
| 2006-07 | LFP16/1815/11(2)/3.12.11 | -do- |
| 2007-08 | LFP16/11((1)/3.12.11 | -do- |
| 2008-09 | LFP16/1901/11/3.12.11 | -do- |
| 2009-10<br>2010-11 | LFP16/1890/13/4.4.14 | -do- |
| 2011-12 | LFP16/1270/2014 | മുഴുവൻ |
| 2012-13<br>2013-14&<br>2014-15 | LFP20/1102/2015<br><br>KSA.PKD.16/1364/2016/03.08.2016 | മുഴുവൻ<br>മുഴുവൻ |
| 2015-16 | KSA.PKD.16/1964/16/18-10-2016 | -ടി- |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

## അനുബന്ധം-1

നം. കെ.എസ്.എ-പികെഡി16/1763/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തിയതി -11-10-2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. തൊഴിൽനികുതി (എംപ്ലോയീസ്) വരവ് തുക വാർഷിക ധനകാര്യപത്രികയും ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD16/1763/2017

Kerala State Audit Department

District Audit Office

Palakkad

Date –11-10-2017

# Audit Certificate

Certified that I have audited the Annual Financial Statement of Vaniamkulam Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Vaniamkulam Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.
2. Arrear and current demand, Collection, Balance amounts of property tax shown in AFS not in agreement with data prepared by Sanchaya Software.
3. The collection of profession tax (employees) shown in AFS not in agreement with demand register.

Deputy Director